ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വിദേശയാത്ര സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

ഈ സർക്കാർ അധികാരമേറ്റശേഷം 23 ഐ.പി.എസ്. ഉദ്യോഗസ്ഥർ ഔദ്യോഗിക വിദേശയാത്രകൾ നടത്തിയിട്ടുള്ളതിൽ ശ്രീ. ജേക്കബ് പുന്നൂസ്, ഐ.പി.എസ്. 1,26,784 രൂപയും ശ്രീ. കെ. എസ്. ബാലസുബ്രഹ്മണ്യൻ ഐ.പി.എസ്., 85,000 രൂപയും ശ്രീ. രാജേഷ് ദിവാൻ, ഐ.പി.എസ്. 17,000 രൂപയും സംസ്ഥാന ഖജനാവിൽനിന്ന് ചെലവഴിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ വിദേശയാത്രയ്ക്ക് സർക്കാർ ഖജനാവിൽനിന്നും യാതൊന്നും ചെലവഴിച്ചിട്ടില്ല (ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു)*.

(സി) ഇടുക്കി ജില്ലാ കളക്ടറായ ശ്രീ. അജിത് പാട്ടീൽ ഐ.എ.എസ്. ഇടുക്കി ജില്ല ആസ്ഥാനമാക്കി യു.എൻ.ഡി.പി. നടപ്പിലാക്കുന്ന ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ്പ് പ്രോജക്ടുമായി ബന്ധപ്പെട്ട് സിഡ്നിയിൽ നടന്ന വേൾഡ് പാർക്ക് കോൺഗ്രസ്സിൽ സർക്കാർ നിർദ്ദേശിച്ചത് അനുസരിച്ച് പങ്കെടുത്തിരുന്നു.

(ഡി&ഇ) സ.ഉ.(സാധാ)/8512/2014/പൊ.ഭ.വ. തീയതി 5-11-2014 പ്രകാരം പ്രസ്തുത യാത്രയ്ക്ക് സർക്കാർ അനുമതി നൽകിയിരുന്നു. അഖിലേന്ത്യാ സർവീസ് ചട്ടം അനുശാസിക്കുന്ന എഫ്.സി.ആർ.എ. ക്ലിയറൻസും പ്രസ്തുത യാത്രയ്ക്ക് ലഭിച്ചിട്ടുണ്ട്. ടിയാൻ പ്രസ്തുത യാത്രയ്ക്ക് സർക്കാരിൽനിന്നും ആനുകൂല്യങ്ങൾ ഒന്നും വാങ്ങിയിട്ടില്ല. യാത്രയുടെ ചെലവ് വഹിച്ചത് യു.എൻ.ഡി.പി.യാണ്.

കേന്ദ്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ

49 (49) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഐ. എ. എസ്. ,ഐ. എഫ്. എസ്., ഐ. പി. എസ്., ഐ. ആർ. എസ്. ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട് ; കേരളത്തിന് പ്രസ്തുത തസ്തികയിൽഎത്ര അനുവദനീയ തസ്തികളാണ് ഉള്ളതെന്നും എത്ര പേരുടെ കുറവുണ്ട് എന്നും വ്യക്തമാക്കുമോ ;

(ബി) ഇവരിൽ എത്ര പേർ കേന്ദ്ര ഡപ്യൂട്ടേഷൻ, സംസ്ഥാനത്ത് വിവിധ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഐ.എ.എസ്., ഐ.എഫ്.എസ്., ഐ.പി.എസ്., ഐ.ആർ.എസ്. തസ്തികകളിൽ നിന്നും റിട്ടയർ ചെയ്തവരിൽ എത്ര പേർ ഏതെല്ലാം തസ്തികകളിൽ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നുവെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ (ഐ.എ.എസ്., ഐ.എഫ്.എസ്., ഐ.പി.എസ്., ഐ.ആർ.എസ്.) വിജിലൻസ് ഉൾപ്പെടെ അന്വേഷണങ്ങൾ നേരിടുന്നവർ ആരെല്ലാമെന്നും ഏതെല്ലാം വിഷയങ്ങളിന്മേലാണ് അന്വേഷണം എന്നും, വിവിധ അന്വേഷണങ്ങൾക്കു വിധേയമായി കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഇ) ഇവരിൽ എത്രപേർ ഇപ്പോൾ അവധി, സസ്പെൻഷൻ, പോസ്റ്റിംഗ് ലഭ്യമാക്കാതെ കഴിയുന്നവർ എന്നും വ്യക്തമാക്കുമോ ;

(എഫ്) ചീഫ് സെക്രട്ടറിയുടെ പേരിൽ സംസ്ഥാനത്തെ IAS ഓഫീസർമാർ നല്കിയ പരാതികൾഎന്തെല്ലാം ; മറ്റ് പൊതുജനങ്ങൾ നൽകിയ പരാതികൾ എന്തെല്ലാം ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം അന്വേഷണങ്ങൾ നടന്നുവരുന്നു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 94 ഐ.എ.എസ്. ഉദ്യോഗസ്ഥരും, 62 ഐ.എഫ്.എസ്. ഉദ്യോഗസ്ഥരും, 92 ഐ.പി.എസ്. ഉദ്യോഗസ്ഥരും കേഡർ/എക്സ് കേഡർ/ഡെപ്യൂട്ടേഷൻ തസ്തികകളിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

കേരളത്തിൽ കേന്ദ്ര ഡെപ്യൂട്ടേഷൻ, ലീവ് റിസർവ്, ജൂനിയർ റിസർവ് ഉൾപ്പെടെ അനുവദനീയമായ കേഡർ തസ്തികകൾ താഴെപ്പറയും പ്രകാരമാണ്.

ഐ.എ.എസ്.	-	231
ഐ.പി.എസ്.	-	163
ഐ.എഫ്.എസ്.	-	103

ഇതിൽ ഇപ്പോൾ ഐ.എ.എസിൽ 76-ഉം ഐ.എഫ്.എസിൽ 26-ഉം ഐ.പി.എസിൽ 36-ഉം പേരുടെ കുറവുണ്ട്.

ഐ.ആർ.എസ്. സംബന്ധിച്ച വിവരം സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

(ബി) ഐ.എ.എസിൽ 44-ഉം, ഐ.എഫ്.എസിൽ 14-ഉം, ഐ.പി.എസിൽ 28 പേരും കേന്ദ്ര ഡെപ്യൂട്ടേഷനിലാണ്. ഐ.എ.എസിൽ 11-ഉം ഐ.എഫ്.എസിൽ 5-ഉം, ഐ.പി.എസിൽ 6 പേരും സംസ്ഥാന ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ഐ.എ.എസിൽനിന്നും റിട്ടയർ ചെയ്ത ശ്രീ. ജോസ് സിറിയക്, സംസ്ഥാന ഇന്നവേഷൻ കൗൺസിൽ ചെയർമാൻ എന്ന നിലയിലും, ശ്രീ. എം. പി. മത്തായി തൊഴിൽ വകുപ്പിൽ അഡ്വൈസർ എന്ന നിലയിലും ശ്രീമതി വത്സലാകുമാരി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന നിലയിലും, ഐ.പി.എസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. ജേക്കബ് പുന്നൂസ് നാഷണൽ

LIBRARY ARCHIVES Kerala Legislative Assembly

ഗെയിംസ് സെക്രട്ടേറിയറ്റിൽ ഡയറക്ടർ ജനറൽ എന്ന രീതിയിലും ജോലി ചെയ്തുവരുന്നു. ഐ.എഫ്.എസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. റ്റി. എം. മനോഹരൻ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ ചെയർമാൻ എന്ന നിലയിൽ ജോലി ചെയ്തുവരുന്നു. ഇപ്രകാരമുള്ള ഉത്തരവുകൾ വിവിധ വകപ്പുകളാണ് ഇറക്കുന്നത് എന്നതിനാൽ അവരിൽനിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ വിജിലൻസ് അന്വേഷണം നേരിടുന്നവരുടെ വിവരം അടങ്ങുന്ന പട്ടിക അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. വിവിധ അന്വേഷണങ്ങൾക്ക് വിധേയമായി വിജിലൻസ് കോടതിയിൽ രജിസ്റ്റർ ചെയ്ത വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവരുടെ പട്ടിക അനുബന്ധം - 2 ൽ ചേർത്തിട്ടുണ്ട്*.

(ഇ) ഇവരിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനും ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥനും ഇപ്പോൾ സസ്പെൻഷനിലാണ്.

(എഫ്) ഐ.എ.എസ്. ഓഫീസർമാരിൽനിന്നോ, പൊതുജനങ്ങളിൽ നിന്നോ ചീഫ് സെക്രട്ടറിക്കെതിരായി ഒരു പരാതിയും സർക്കാരിൽ ലഭിച്ചിട്ടില്ല.

അടൂരിൽ സബ് കോടതി

50 (50) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂരിൽ സബ്കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച പരിഗണനാ ഉത്തരവ് പ്രകാരമുള്ള നടപടിയിന്മേലുള്ള കാലവിളംബത്തിന്റെ കാരണം വിശദമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവിലുള്ള പട്ടികകളിൽ ഏതെല്ലാം സബ്കോടതികൾ നാളിതുവരെ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) അടൂർ സബ്കോടതി സ്ഥാപിക്കുന്നതിന്എന്ന് അനുമതി ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ-സി) 20-9-2011 തീയതികളിലെ സ.ഉ.(സാധാ) നമ്പർ 281/2011/ ആഭ്യന്തരം പ്രകാരം (ക്രമനമ്പർ 11) അടൂരിൽ സബ് കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് പരിഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിഗണനാ ക്രമമനുസരിച്ചേ കോടതി ആരംഭിക്കുന്നതിനുള്ള അനുവാദം സാധ്യമാകൂ. ഇപ്പോൾ നിലവിലുള്ള പരിഗണനാ പട്ടികയിൽ നിന്നും 3 കോടതികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly